<u>**15 -ാം കേരള നിയമസഭ**</u>

<u>**3 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5907**</u> <u>**08-11-2021 - ൽ മറുപടിയ്ക്ക്**</u>

<u>**സഹകരണ വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ എം എസ് അരുൺ കുമാർ** | | **Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സഹകരണ വകുപ്പിലെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഐ.സി.ഡി.എം.എസ്. പദ്ധതി പ്രകാരം ഓൺലൈൻ വഴി നടപ്പിലാക്കുന്ന സേവനങ്ങൾ വിശദമാക്കാമോ; | (എ) | സഹകരണ വകുപ്പിന്റെ ആധുനിക വത്ക്കരണത്തിന്റെ ഭാഗമായി ICDMS (Integrated Co-operative Department Management System) പദ്ധതി പ്രകാരം താഴെ പറയുന്ന3 സേവനങ്ങളാണ് ഓൺലൈൻ വഴി നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്. 1.സഹകരണസംഘങ്ങളുടെ രജിസ്ട്രേഷൻ & ബൈലാ ഭേദഗതി 2. ഫണ്ട് മാനേജ്മെന്റ് 3. ആഡിറ്റ് സഹകരണസംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി എന്നിവയ്ക്കുള്ള അപേക്ഷ ഓൺലൈനിലൂടെ നേരിട്ട് സമർപ്പിക്കുന്നതിനും, ഫീസ് ഓൺലൈനായി അടയ്ക്കുന്നതിനും കഴിയുന്ന തരത്തിലുള്ള ഓൺലൈൻ ആപ്ലിക്കേഷനാണ് സജ്ജമാക്കിയിട്ടുള്ളത്. സഹകരണ സംഘങ്ങൾക്ക് സംസ്ഥാന/ എൻ.സി.ഡി.സി. പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിക്കുന്ന ധനസഹായപദ്ധതികൾക്കുള്ള അപേക്ഷ സമർപ്പിക്കൽ, ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയവയും, തിരിച്ചടവ് കൃത്യമായി മോണിറ്റർ ചെയ്യുന്നതിലേക്കുമായിട്ടാണ് ഫണ്ട് മാനേജ്മെന്റ് മോഡ്യൂൾ തയ്യാറാക്കിയിട്ടുള്ളത്. സഹകരണ സംഘങ്ങളുടെ ആഡിറ്റ് റിപ്പോർട്ട് സോഫ്റ്റ് വെയർ സഹായത്തോടെ തയ്യാറാക്കി വിവരങ്ങൾ ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനുള്ള ആഡിറ്റ് മോഡ്യൂളിന്റെ സോഫ്റ്റ് വെയർ ഡെവലപ്മെന്റ് നടപടികൾ അന്തിമ ഘട്ടത്തിലാണ്. ടി മൊഡ്യൂളിൽ ആഡിറ്റ് അലോക്കേഷൻ, ഓഡിറ്റ് നോട്ട് എൻട്രി,ഓഡിറ്റ് നോട്ട് വെരിഫിക്കേഷൻ & ഓഡിറ്റ് സർട്ടിഫിക്കറ്റ് ജനറേഷൻ മുതലായ പ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ കഴിയുന്ന വിധമാണ് പ്രസ്തുത |

| | | | |
|---|---|---|---|
| | | | ആപ്ലിക്കേഷൻ തയ്യാറാക്കുന്നത്. ടി പ്രോജക്ടിന്റെ ഭാഗമായി സഹകരണസംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് ആഡിറ്റ് മോണിറ്ററിംഗ് സിസ്റ്റം വികസിപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. Co-operative Audit Monitoring & Information System (CAMIS) എന്ന പേരിൽ തയ്യാറാക്കുന്ന പ്രസ്തുത ഓൺലൈൻ സിസ്റ്റത്തിലൂടെ നിശ്ചിത കാലയളവിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും താലൂക്ക് തിരിച്ച് ആഡിറ്റ് ചെയ്യാവുന്ന വിവിധ വിഭാഗത്തിൽപ്പെട്ട ആകെ സംഘങ്ങളുടെ എണ്ണം, ആയതിൽ ആഡിറ്റ് പൂർത്തീകരിച്ചവയുടെ എണ്ണം, പൂർത്തീകരിക്കാനുള്ളവയുടെ എണ്ണം, ആഡിറ്റ് ബാക്കി നിൽപ്പ് തുടങ്ങിയ വിവരങ്ങൾ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ലഭ്യമാക്കുവാൻ സാധിക്കും. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും, മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും, ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും ഇതിലൂടെ ലഭ്യമാക്കുവാൻ സാധിക്കും. |
| (ബി) | സഹകരണ സംഘങ്ങൾ വഴി കാർഷിക രംഗത്ത് നെൽകൃഷി, പച്ചക്കറികൃഷി, ജൈവകൃഷി എന്നിവയുടെ പ്രോത്സാഹനത്തിനായുള്ള തനതായ കൃഷിരീതികളും പദ്ധതികളും ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (ബി) | ഭക്ഷ്യ കാർഷിക മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിന് വേണ്ടി കേരള സർക്കാർ പ്രഖ്യാപിച്ച സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് സഹകരണവകുപ്പ് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് കീഴിൽ കുറഞ്ഞത് 50 സെന്റ് സ്ഥലം എങ്കിലും ഏറ്റെടുത്ത് മാതൃകാ കൃഷിത്തോട്ടങ്ങൾ സജ്ജീകരിക്കുന്ന പദ്ധതി നടപ്പിലാക്കി. സഹകരണ സ്ഥാപനങ്ങൾ നേരിട്ടാണ് കൃഷിത്തോട്ടം സജ്ജീകരിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ വായ്പ നൽകുന്നു. സുഭിക്ഷ കേരള പദ്ധതിയിൽ ഉൾപ്പെടുന്ന വകുപ്പുകളും കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നിവയുമായി എകോപിപ്പിച്ചു കൊണ്ടാണ് പ്രവർത്തനം സംഘടിപ്പിച്ചിരുന്നത്. വായ്പകൾക്കുള്ള അപേക്ഷകൾ കൃഷിവകുപ്പ് അതാതു കൃഷി ഭവനുകൾ മുഖാന്തിരവും, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകൾ അവയുടെ ബ്ലോക്ക്തല ഉദ്യോഗസ്ഥർ മുഖാന്തിരവും ശുപാർശ ചെയ്ത് ഗുണഭോക്താവിന്റെ വിവരം പ്രാഥമിക വായ്പാ സംഘത്തിന് നൽകുന്നു. വായ്പകൾ കഴിവതും കിസാൻ ക്രെഡിറ്റ് കാർഡ് അടിസ്ഥാനത്തിൽ നൽകുവാനാണ് തീരുമാനിച്ചിരുന്നത്. കാർഷിക പ്രവർത്തനങ്ങൾക്കാവശ്യമായ വിത്ത്, വളം, |

| | | | |
|---|---|---|---|
| | | | ജൈവവളങ്ങൾ, കീടനാശിനികൾ, കാർഷിക യന്ത്രങ്ങൾ എന്നിവ ലഭ്യമാക്കിയോ, ലഭ്യമാക്കുന്നതിനുള്ള സാമ്പത്തിക സഹായമോ, സഹകരണസംഘങ്ങൾ വഴി ഉറപ്പ് വരുത്തുന്നു. പാലക്കാട് ജില്ലയിലെ 36 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായുള്ള പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് &മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി.നമ്പർ പി. 1449 (PAPCOS)എന്ന സഹകരണ സംഘം രൂപീകരിച്ചുകൊണ്ട് വിപുലമായ ഒരു റൈസ് മിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പാലക്കാട് ജില്ല ഒഴികെ സംസ്ഥാനമൊട്ടാകെ പ്രവർത്തന പരിധിയായി കോട്ടയം ജില്ലയിലെ 26 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായി രൂപീകരിച്ച കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് &മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ. 4505 (KAPCOS)ന്റെ അധീനതയിൽ കുട്ടനാട്ടും അപ്പർ കുട്ടനാട്ടും, പാലക്കാട് റൈസ് മിൽ മാതൃകയിൽ രണ്ട് ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കുന്നതും പരിഗണനയിലുണ്ട്. |
| (സി) | സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനുമായി സഹകരണ സംഘങ്ങൾ മുഖേന നെൽകൃഷിക്ക് പലിശരഹിത വായ്പ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പലിശരഹിത വായ്പാപദ്ധതി പ്രകാരം എത്ര തുക അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? | (സി) | ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി നെൽ കർഷകർക്കുള്ള പലിശരഹിത വായ്പാ പദ്ധതി 2010-2011 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽ നിന്നും നെൽകൃഷിക്കായി എടുക്കുന്ന വായ്പയുടെ പലിശ സർക്കാർ സബ്സിഡി ആയി അനുവദിക്കുന്നുണ്ട്. ടി പദ്ധതി പ്രകാരം നാളിതുവരെ 2,09,29,902/- രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ